

ധ്വനി
DIGITAL
MAGAZINE
LITTLE KITES
BRM HIGHSCHOOL
ELAVATTOM
2019

# ധ്വനി



# ഉള്ളടക്കം

അല്പം ചരിത്രം....................5
ആശംസ ....................6
ചിത്രം....................7
കുടുംബം ....................8
വിളക്കും രത്നവും....................9
ചിത്രം....................10
ചിത്രം....................11
പ്രളയം ....................12
പ്ലൂട്ടോയ്ക്ക് പറയാനുള്ളത് ....................13
ജീവിതം ....................14
കളിയാക്കുന്നത് നന്നല്ല ....................16
രണ്ട് കാക്കകൾ....................17
ഉറുമ്പും പുൽച്ചാടിയും ....................19
വികൃതിയായ ആനക്കുട്ടി....................21
വിഡ്ഢിയായ അമ്മാവനും ചെറുമക്കളും.................... 23
നെൽവയൽ ....................25
ഇത്തിരി മുല്ല ....................26
എന്റെ അമ്മ ....................27
അധ്യാപകൻ ....................28
Bhagat Singh the Legend man....................29
ചിത്രം....................31

# ബി ആർ എം ഹൈസ്കൂൾ



# അല്പം ചരിത്രം

1962-63-ൽ ശ്രീ ആർ. ശങ്കർ  മുഖ്യമന്ത്രിയായിരുന്ന അവസരത്തിലാണ്

ബി ആർ എം യു പി സ്കൂൾ ആയി പ്രവർത്തനം  ആരംഭിക്കുന്നത്.

ബി ആർ എം എന്നതിന്റെ പൂർണ രൂപം ബർണബാസ് റെഗുലസ് മെമ്മോറിയൽ എന്നാണ്. സ്കൂളിന്റെ സ്ഥാപക മാനേജർ ശ്രീ ബി ജോൺസൻ റെഗുലസ് അവറുകളുടെ പിതാവാണ് ബർണബാസ് റെഗുലസ് .

ആദ്യത്തെ പ്രഥമ അധ്യാപകൻ ശ്രീ വി ബി ജോസഫ്  റെഗുലസ്.

ആദ്യ അധ്യാപകൻ ശ്രീ ജനാർദ്ദനൻ നാടാർ .

ആദ്യത്തെ വിദ്യാർത്ഥി കെ. കൃഷ്ണമ്മയായിരുന്നു.


1964-ൽ ഹൈസ്കൂൾ വിഭാഗം ആരംഭിച്ചു.

# ആശംസ

പ്രിയ വായനക്കാരെ

നമ്മുടെ സ്കൂളിന്റെ ശബ്ദം ധ്വനിയിലൂടെ സ്കൂളിന് പുറത്തെത്തിക്കാൻ കഴിഞ്ഞതിൽ little kites കൂട്ടുകാരെ അഭിനന്ദിക്കുന്നു. ഡിജിറ്റൽ ലോകത്തിന്റെ വർണ്ണ വിസ്മയങ്ങളിലേക്ക് നമ്മുടെ കൊച്ചു കൂട്ടുകാർക്ക് എത്താനായത് നമ്മെ സംബന്ധിച്ച് ഏറെ അഭിമാനിക്കത്തക്ക സംഗതിയാണ് .കൂട്ടുകാരെ അനുമോദിക്കുന്നതിനൊപ്പം 'ധ്വനി' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

രജനി ദേവി
പ്രഥമാധ്യാപിക



# കുടുംബം

റുഹ്സാന 9C

കുടുംബം ഒരു വൃക്ഷമാണ്.

അതിന്റെ തളിരിലകൾ നമ്മൾ ഓരോരുത്തരുമാണ്.

സ്നേഹവും കരുതലും ചേർത്തുണ്ടാകുന്നതാണ് ആ മഹാവൃക്ഷം അതിന്റെ പേരാണ് കുടുംബം.

സന്തോഷത്തിലും സങ്കടത്തിലും നമ്മുടെ കൂടെയുണ്ടാകുന്നത് നമ്മുടെ കുടുംബം മാത്രമാണ്.

അതുകൊണ്ടാവാം കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം എന്ന് പഴമക്കാർ പറയുന്നത്.

ജീവിതത്തിന്റെ ഓരോ പടികളും അത് ഒരു പക്ഷേ ഉയർന്നതും താഴ്ന്നതുമാവാം

അപ്പോഴെല്ലാം നമ്മളെ മുന്നേറ്റുന്നത് നമ്മുടെ കുടുംബമായിരിക്കും.

ജീവിതത്തിൽ നമ്മൾ നേരിടുന്ന ഓരോ പ്രതിസന്ധികളെയും അതിജീവിക്കാൻ അവരാണ് നമുക്ക് കരുത്തേകുന്നത്.

കുടുംബത്തെ മറന്ന് നമ്മൾ ചെയ്യുന്ന ഓരോ പ്രവർത്തിയും ഭാവിയിൽ നമുക്ക് ദോഷം ചെയ്യും.

അതുകൊണ്ട് നമ്മൾ ഓരോ തീരുമാനമെടുക്കുമ്പോഴും അച്ഛനമ്മമാരെ ഓർക്കണം.

# വിളക്കും രത്നവും

ഒരിടത്ത് ഒരു അച്ഛനും മകനും ജീവിച്ചിരുന്നു. ആ മകൻ

സദാ നന്മ ചെയ്യുന്നവനും സൽസ്വഭാവിയും വിവേകം ഉള്ളവനും ആയിരുന്നു . തന്റെ മകന് എന്നും നല്ലകാര്യങ്ങൾ പറഞ്ഞുകൊടുക്കാൻ ആ അച്ഛൻ ശ്രദ്ധിച്ചിരുന്നു.അതിനാൽ ആ മകന് തൻറെ കൂട്ടുകാർക്കും നന്മപകർന്നുകൊടുക്കാൻസാധിച്ചിരുന്നു.

ഒരു ദിവസം മകൻ വളരെ വിഷമത്തോടെ അച്ഛനെ

സമീപിച്ചു .അച്ഛൻ അവനോട് കാരണം അന്വേഷിച്ചു.

അവൻ പറഞ്ഞു ഇന്ന് ടീച്ചർ ക്ലാസ്സിൽ വന്ന് പറഞ്ഞത്

ഇങ്ങനെയാണ് ഞാൻ ക്ലാസ്സിലെ വിളക്കാണ് എന്നുംബാക്കിയുള്ളവർ എല്ലാം രത്നങ്ങളാണ് എന്നും അതെന്താണ് അച്ഛാ ഞാനും രത്നം അല്ലാത്തത്

മകൻ ചോദിച്ചു .


അച്ഛൻ പുഞ്ചിരിയോടെ മറുപടി പറഞ്ഞുമോനെ, നീ വിളക്കാണ് നിൻറെ കൂട്ടുകാരെ നീയാണ് വഴിതെളിക്കുന്നത് രത്നത്തിന് സ്വയം പ്രകാശിക്കാൻ കഴിയും എന്നാൽ വിളക്കായ്നിനക്ക് സ്വയം എരിഞ്ഞ്മറ്റുള്ളവർക്ക് പ്രകാശം പരത്താൻ സാധിക്കും അപ്പോൾ ആ മകന് സന്തോഷമായി അവൻ പിന്നീടും മറ്റുള്ളവർക്ക്

നല്ലപാഠം നൽകാൻ ശ്രമിച്ചുകൊണ്ടേയിരുന്നു.

അൻസി 9A



**അഫിൻ R. S 9A**


Muhammed shiras s.m
class : IX · A

# പ്രളയം

പ്രളയം വിതച്ച ദുരന്തത്തിൽ...

കൈകോർത്ത് മനുഷ്യർ.....

ജാതിയില്ല മതമില്ല...

കേരളമൊന്നാകെ കൈകോർത്തു....

കടലിൻ മക്കൾ കര കാത്തു

കരയും നെഞ്ചിൽ കുളിരായി

കുളിരും സ്നേഹ കടലായി

ചെറിയവരില്ല വലിയവരില്ല

കേരളം ഒന്നായി മുന്നേറി

നിലച്ച പന്തങ്ങൾ ഇന്നും മനസ്സിൽ

തിരയായി

ഇനിയും വരുമൊരു പുതുപുലരി

ഒത്തൊരുമിച്ച് വരവേൽക്കാം

ജ്യോത്സ്ന. N. L

9C

# പ്ലൂട്ടോയ്ക്ക് പറയാനുള്ളത് ....

സൗരയൂഥത്തിലെ ഒൻപത് ഗ്രഹങ്ങളിൽ ഒന്നായിരുന്നു പ്ലൂട്ടോ. ഗ്രഹങ്ങളിൽ ഇളയവനായിരുന്നു. അതുകൊണ്ട് തന്നെ അവൻ വലിയ കുസൃതിക്കാരനുമായിരുന്നു. ഒരിക്കൽ ശുക്രനും ശനിയും ബുധനും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ

ഭൂമി വിഷമത്തോടെ ഇവരുടെ അടുത്തേക്ക് വന്നു. അവർ ഭൂമിയോട് വിവരം തിരക്കി. ഭൂമി വിഷമത്തോടെ വിവരം പറഞ്ഞു. നമ്മുടെ അനിയൻ പ്ലൂട്ടോയെ സൗരയൂഥത്തിൽ നിന്ന് പുറത്താക്കി. ഇവർക്ക് വിഷമമായി. ഈ സങ്കട വാർത്ത പ്ലൂട്ടോയെ അറിയിക്കാനായി പോകുന്നു. ഇവരുടെ മുഖത്തെ വിഷമം കണ്ട പ്ലൂട്ടോ ചോദിക്കുന്നു. എന്താ? എന്താടാ? ഇവർ പ്ലൂട്ടോയോട് വിവരം പറയുന്നു. നിന്നെ സൗരയൂഥത്തിൽ നിന്നും മാറ്റി കുള്ളൻ ഗ്രഹങ്ങളുടെ കൂടെ

ആക്കി. പ്ലൂട്ടോ സങ്കടത്തോടെ ചോദിച്ചു എന്തിനാ?

അത് നീ നെപ്റ്റ്യൂണിന്റെ പാതയിൽ കയറിയതുകൊണ്ടാണ്.

അത് ഞാൻ അറിയാതെ കയറിയതല്ലേ .........

എല്ലാവരും ചേർന്ന് പ്ലൂട്ടോയെ വിഷമത്തോടെ യാത്രയാക്കി.

സ്നേഹ ശ്രീ മോഹൻ 9B

# ജീവിതം

## ഹാർദ്ദ 9C

അകക്കാമ്പിനെ എത്രമാത്രം ഗ്രഹിക്കാൻ ശ്രമിച്ചാലും ഗ്രഹിച്ച് അവയെ ഒരു കടലാസിൽ എത്രമാത്രം പകർത്തിയാലും അപൂർണ്ണമായി നിലകൊള്ളുന്ന ഒന്നാണ് ജീവിതം . അലറിവിളിക്കുന്ന ഒട്ടും ശാന്തം അല്ലാത്ത ഒരു സമുദ്രമായ കല്ലുകളും , മുള്ളുകളും നിറഞ്ഞ , ഇടയ്ക്കൊക്കെ സുന്ദരകാഴ്ചകൾ അണിനിരക്കുന്ന വീഥി ആയോ നമുക്കതിനെ ദർശിക്കാം.  അത് , മാനവന്റെ വൈവിധ്യമാർന്ന കാഴ്ചപ്പാടിൽ അധിഷ്ഠിതമാണ്. സ്വന്തം മനോഭാവത്തിലെന്നപോലെ അവൻ ജീവിതയാത്രയെ വിശേഷിപ്പിക്കുന്നു.

പലർക്കും ധനസമ്പാദനത്തിനുള്ള നെട്ടോട്ടം മാത്രമാകാം ജീവിതം. ആരെയും തട്ടിച്ചു വെട്ടിച്ചും , ആരുടെ ചോര പുരണ്ട പണവും സ്വന്തമാക്കാൻ അത്തരത്തിലുള്ളവരുടെ മനസ്സ് ധൃതി കൂട്ടും . ആ ധൃതി മനുഷ്യസഹജവും  അത്യന്തം അപകടകരവുമായ അധികാര മോഹങ്ങൾക്കു വേണ്ടിയും സ്വത്തിനും സ്ഥാനമാനങ്ങൾക്കുവേണ്ടിയുമുള്ള യുദ്ധത്തിൽ ആകാം കലാശിക്കുകയെന്ന് , ആ വിഡ്ഢികൾ തിരിച്ചറിയുന്നില്ല. ആത്മീയതയിലേക്കുള്ള മാർഗ്ഗദർശിയാണ് ചിലർക്ക് ജീവിതം . ജീവിത യാത്രയിൽ ഉടനീളം ജഗദീശ്വരനെ അവർ അന്വേഷിക്കുന്നു . ചിലർക്ക് മതസ്പർദ്ധ വളർത്താനും വർഗ്ഗ – വർണ്ണ –ജാതി വ്യത്യാസങ്ങളുടെ വർഷങ്ങൾ പഴക്കമുള്ള അയിത്തം തുടരാനും ഉള്ള അവസരമാണ് ജീവിതം.  എന്നാൽ , ജീവിതമെന്ന നദിയുടെ

**അടിയൊഴുക്കുകളും മറ്റും തിരിച്ചറിഞ്ഞ് , അതിനടിയിൽ നിന്നും വിവേകത്തിന്റെ മുത്ത് അന്വേഷിച്ചു കണ്ടെത്തിയവർ നമുക്കിടയിലുണ്ട്. അവരാണ് യഥാർത്ഥ മനുഷ്യർ . പണക്കൊതിയോ ദുഷ്ചിന്തകളോ വെച്ചുപുലർത്താത്ത അവർ കലയുടേയും സംസ്കാരത്തിന്റെയും സ്നേഹത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും ഒത്തുചേരലായി ജീവിതത്തെ ദർശിക്കുന്നു.**

**എന്റെ കാഴ്ചപ്പാടിൽ, ജീവിതം ഒരു ആരാധനാലയമാണ് . അള്ളാഹുവെന്നും ക്രിസ്തുദേവൻ എന്നും ശ്രീകൃഷ്ണൻ എന്നും വിവിധ വിളിപ്പേരുകൾ ഉള്ള ദൈവങ്ങളുടെ ആലയം അല്ല അത്.  പ്രതിഷ്ഠ ഇല്ലെങ്കിലും ഈ ആരാധനാലയത്തിൽ മൂല്യങ്ങൾ നിറഞ്ഞു നിൽക്കുന്നു . സ്നേഹത്തിന്റെ,  സഹനത്തിന്റെ ,  ത്യാഗത്തിന്റെ ഒരു വിദ്യാലയമാണിത്, സർവ്വേശ്വരൻ അദ്ധ്യാപകനും!  ധാരാളം പാഠങ്ങൾ പഠിപ്പിക്കുവാൻ ജീവിതത്തിനു സാധിക്കും, അനുഭവങ്ങളിലൂടെയുള്ള പഠനം അർത്ഥവത്താണെന്ന് ജീവിതം എന്ന ഗുരു നമ്മെ ഓർമ്മിപ്പിക്കുന്നു.**

# കളിയാക്കുന്നത് നന്നല്ല

ഒരു കാട്ടിൽ ഒരു വലിയ അരുവിയുണ്ടായിരുന്നു. അവിടെയായാണ് കരടിക്കുട്ടൻ താമസിച്ചിരുന്നത്.അവൻ വലിയ

കുസൃതിക്കാരനാണ്. ഒരു ദിവസം അവൻ അരുവിയിൽ നിന്ന് വെള്ളം കുടിച്ചു കൊണ്ടിരുന്നപ്പോൾ തൊട്ടടുത്ത് നിന്ന് കൊക്കമ്മാവൻ വെള്ളം കുടിക്കുകായായിരുന്നു. കൊക്കമ്മാവന്റെ പുറത്ത് കുറച്ച് ചെളി പുരണ്ടിരുന്നു. ഇത് കണ്ട കരടിക്കുട്ടൻ കൊക്കമ്മാവനെ കളിയാക്കാൻ തുടങ്ങി. അമ്മാവൻ

ഏറെ വിഷമിച്ചു. അപ്പോൾ കൊക്കമ്മാവന് ഒരു ബുദ്ധി തോന്നി.

കൊക്കമ്മാവൻ കരടിക്കുട്ടനെ കളിയാക്കാൻ തുടങ്ങി. എന്നെ ഇങ്ങനെ കളിയാക്കുമ്പോൾ നീ ഒരു കാര്യം ആലോചിക്കണം. നിന്റെ നിറം കറുപ്പാണ്. എന്റെ പുറത്തെ ചെളി കഴുകിയാൽ പോകും എന്നാൽ നിന്റെ പുറത്തെ ചെളി കഴുകിയാൽ പോകുമോ?

അത് കഴുകിയാൽ പോലും പോകില്ല. കരടിക്കുട്ടന് വിഷമമായി. പിന്നെ ഇതു വരെ കരടിക്കുട്ടൻ ആരേയും കളിയാക്കിയിട്ടില്ല.

സ്നേഹ ശ്രീ മോഹൻ 9B

# രണ്ട് കാക്കകൾ

ഒരു മരത്തിന്റെ ചില്ലയിൽ രണ്ട് കാക്കകൾ കൂട്ടുകെട്ടിയിരുന്നു.അവർ ദുഃഖിതരായിരുന്നു.അസംതൃപ്തരായ ഒരു ജീവിതമാണ് അവർ നയിച്ചിരുന്നത്.അവരുടെ അടുത്തായി ഒരു പൊത്തിൽ ഒരു പാമ്പുണ്ടായിരുന്നു.കാക്കകൾ ഇരതേടി പോകുമ്പോൾ ഈ പാമ്പ് മരത്തിനുമുകളിൽ ഇഴഞ്ഞുകയറി മുട്ടകൾ പൊട്ടിച്ച് കാക്കക്കുഞ്ഞുങ്ങളെ തിന്നുമായിരുന്നു.ഒരു പ്രാവശ്യമല്ല പല പ്രാവശ്യം ഇങ്ങനെ സംഭവിച്ചത് കൊണ്ടായിരുന്നു കാക്കകൾക്ക് വിഷമം.അങ്ങനെ അവർ കുറുക്കനെ കണ്ട് ഇതിനൊരു പരിഹാരം കാണാൻ ഉദ്ദേശിച്ചു. കാക്കകൾ കുറുക്കനോട്ടു വിഷമം എല്ലാം പറഞ്ഞു. ഞങ്ങൾ മറ്റൊരു കൂട് കെട്ടാൻ പോകുന്നു. അപ്പോൾ കുറുക്കൻ പറഞ്ഞു ഞാൻ ഒരു ബുദ്ധി പറഞ്ഞു തരാം നിങ്ങൾ അത് ചെയ്യണം. കാക്കകൾ കുറുക്കന്റെ ബുദ്ധി സമ്മതിച്ചു. അടുത്ത ദിവസം ആൺ കാക്കൾ ഇരതേടി പോയപ്പോൾ ഒരു നദിയിൽ രാജകുമാരിയെ കണ്ടു. നദീതീരത്ത് രാജകുമാരിയുടെ മുത്തുമാല ഊരിവച്ചിരിക്കുന്നത് കണ്ടു. അതിവേഗം ആ കാക്ക രാജകുമാരിയുടെ മുത്തുമാല എടുത്തുകൊണ്ട് പറന്നു.അത് രാജകുമാരി കണ്ടു.

രാജകുമാരി ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. "എന്റെ മുത്തുമാല ; കാവൽക്കാരെ ആ കാക്കയെ പിടിക്കൂ." കാവൽക്കാർ കാക്കയുടെ പിന്നാലെ ഓടാൻ തുടങ്ങി.പറന്ന് പറന്ന് കാക്ക ആ മുത്തുമാല പാമ്പിന്റെ പൊത്തിൽ കൊണ്ടിട്ടു.ഇത് കണ്ട ഭടന്മാർ പാമ്പിൻ പുറ്റ് ഇടിച്ചു പൊളിക്കാൻ തുടങ്ങി.പാമ്പ് ചീറ്റികൊണ്ട് പുറ്റിൻ പുറത്ത് വന്നു. ഉടൻതന്നെ ഒരു ഭടൻ തന്റെ വാൾ കൊണ്ട് അതിനെ തുണ്ടം തുണ്ടമായി അരിഞ്ഞിട്ടു . ഭടന്മാർ ആ മുത്തുമാലയും എടുത്ത് കൊണ്ട് കൊട്ടാരത്തിലേക്ക് മടങ്ങി. മരത്തിൻമുകളിലിരുന്ന് കാക്കകൾ ഇത് കാണുന്നുണ്ടായിരുന്നു. അവയ്ക്ക് വളരെ സന്തോഷമായി പിന്നീട് കാക്കകൾ മുട്ടയിട്ടു മുട്ടകൾ വിരിഞ്ഞു. അവർ കുറുക്കന് നന്ദി പറഞ്ഞ് സംതൃപ്തരായി കാലങ്ങളോളം ജീവിച്ചു.

നന്ദന 9B

# ഉറുമ്പും പുൽച്ചാടിയും

ഒരു മനോഹരമായ വേനൽ കാലത്ത് ഒരു മടിയനായ പുൽച്ചാടി എന്നത്തേയും പോലെ വെറുതെയിരുന്നു വെയിൽ കൊള്ളുകയായിരുന്നു.അപ്പോൾ കഠിനാധ്വാനിയായ ഒരു ഉറുമ്പ് ആ വഴി പോകുന്നുണ്ടായിരുന്നു.വളരെ ബുദ്ധിമുട്ടുകൾ സഹിച്ച് ഒരു ധാന്യമണി തന്റെ കൂട്ടിലേക്ക് ചുമന്ന് കൊണ്ട് പോവുകയായിരുന്നു. അപ്പോൾ പുൽച്ചാടി ഉറുമ്പിനോട് ചോദിച്ചു ദിവസം മുഴുവൻ ഇങ്ങനെ പണിയെടുക്കാതെ എന്തു കൊണ്ട് എന്നോടൊപ്പം ഇരുന്ന് കുശലം പറഞ്ഞു കൂടാ? അപ്പോൾ ഉറുമ്പ് പറഞ്ഞു.ഞാൻ മഞ്ഞ് കാലത്തേക്കുള്ള ആഹാരം ശേഖരിക്കുകയാണ്.നിങ്ങളും അങ്ങനെ ചെയ്യൂ. തണുപ്പ് കാലം വന്നാൽ നിങ്ങൾ എന്തു കഴിക്കും? മഞ്ഞുകാലത്തെ എന്തിനു ഭയപ്പെടണം. നമുക്ക് ഇപ്പോൾ ഇവിടെ

ധാരാളം ഭക്ഷണം ഉണ്ടല്ലോ? അങ്ങനെ മഞ്ഞു കാലം പെട്ടെന്നെത്തി. പുൽച്ചാടിക്ക് താമസിക്കാനൊരിടമോ ഭക്ഷണമോ കിട്ടിയില്ല.അവൻ ഉറുമ്പിന്റെ  വീട്ടിൽ ചെന്ന് ആഹാരത്തിനായും താമസിക്കാനൊരു സ്ഥലത്തിനായും യാചിച്ചു. അപ്പോൾ ഉറുമ്പ് പറഞ്ഞു. ക്ഷമിക്കണം എനിക്ക് നിങ്ങളെ സഹായിക്കാൻ കഴിയില്ല. നിങ്ങൾ മറ്റാരോടെങ്കിലും സഹായം ചോദിക്കു. പുൽച്ചാടി നിരാശയോടേ മനസ്സിൽ പറഞ്ഞു. ഞാനും ഉറുമ്പ് പറഞ്ഞതുപോലെ ചെയ്യേണ്ടതായിരുന്നു

അജിൻസ എസ്

9B

# വികൃതിയായ ആനക്കുട്ടി

ഒരിടത്തൊരിടത്ത് ഒരു ആന കുടുംബമുണ്ടായിരുന്നു. ഒരു അമ്മ ആനയും അച്ഛൻ ആനയും ഒരു കുട്ടിയാനയും. കുട്ടിയാന വളരെ വികൃതിയായിരുന്നു. ഒരിക്കൽ ഈ ആന കുടുംബം കരിമ്പിൻ കാട്ടിലേക്ക് പോവുകയായിരുന്നു. ഇതിനിടെ ആനക്കുട്ടി ഒരു ചിത്രശലഭത്തെ കണ്ടു. ആനക്കുട്ടി അതിന് പിന്നാലെ പോകാൻ തുടങ്ങി അത് അമ്മ ആന കണ്ടു .അവൻ പോകുന്നത് കണ്ടിട്ട് അമ്മ ആന അവനെ അവിടെ പിടിച്ചു നിർത്തി . രണ്ടാമത് ഒരു തേനീച്ച അതുവഴി പറന്നു പോകുന്നത് ആനക്കുട്ടി കണ്ടു വീണ്ടും അവൻ തേനീച്ചയുടെ പിന്നാലെ പോകാൻ തുടങ്ങി. അതും അമ്മ ആന കണ്ടു അപ്പോഴും അവനെ അവിടെ പിടിച്ചു നിർത്തി. മൂന്നാമത് വീണ്ടുമൊരു ചിത്രശലഭം വന്നു. അവൻ അതിൻറെ പിന്നാലെ പോകാൻ തുടങ്ങി. അത് അമ്മ ആന കണ്ടില്ല. അവൻ ആ ചിത്രശലഭത്തെ പിന്തുടർന്ന് പോകാൻ തുടങ്ങി. നടന്നു നടന്നു ആനക്കുട്ടി വലിയൊരു പാറക്കെട്ടിന് അടുത്തെത്തി അവിടെവച്ച് ആ ചിത്രശലഭം അപ്രത്യക്ഷനായി. ആ സ്ഥലം വളരെ ശൂന്യമായിരുന്നു. അപ്പോഴാണ് അവൻ ആ ശബ്ദം കേട്ടത് ഒരു സിംഹത്തിനെ അലർച്ച. അവൻ പേടിച്ചു പോയി.

സിംഹം അവൻറെ മുന്നിൽ ഗർജ്ജിച്ചു കൊണ്ട് പാഞ്ഞിറങ്ങി. അവൻ പേടിച്ചു വിരണ്ടു പോയി. അവൻ പേടിച്ചു ഉറക്കെ നിലവിളിച്ചു കരയാൻതുടങ്ങി. വളരെ ഉച്ചത്തിൽ നിലവിളിച്ചു. സിംഹം ആനക്കുട്ടിയെ കഴിക്കാൻ മുന്നോട്ട് നടന്നു നീങ്ങി. അവൻ വീണ്ടും ഉച്ചത്തിൽ  അമ്മയെ വിളിച്ചു  കരഞ്ഞു. ദൂരെയെവിടെനിന്നോ അവൻറെ അമ്മ ആ നിലവിളി കേട്ടു അവൻറെ അമ്മ പാഞ്ഞെത്തി .അവൻറെ അച്ഛനമ്മയും ആ സിംഹത്തെ വിരട്ടിയോടിച്ചു. എന്നിട്ട് അവർ ഒന്നിച്ച് കരിമ്പിൻ കാട്ടിലേക്ക് മടങ്ങി.

## ആരൺ സാക് സൈമൺ 9B

# വിഢിയായ
# അമ്മാവനും ചെറുമക്കളും

ഒരു ദിവസം രാവിലെ അമ്മാവൻ ചെറുമക്കളുടെ വീട്ടിലെത്തി. ചെറുമക്കളായ ടിനുവും വിനുവും അന്ന് രാവിലെ വരമ്പിലേക്ക് ഇറങ്ങി. അമ്മാവനെ കണ്ടപ്പോൾ ടിനു പറഞ്ഞു എന്തൊ കുരിശുമായിട്ടാണല്ലോ വരവ് .വിനു ചോദിച്ചു എന്തോ അമ്മാവാ വിശേഷിച്ച്. അമ്മാവൻ പറഞ്ഞു എനിക്ക് കാലിനൊരു വേദന നല്ലൊരു ഡോക്ടറെ കാണണം. ടൗണിൽ ഗോപി എന്നൊരു ഡോക്ടറുണ്ടെന്നു കേട്ടു. മിടുക്കനാണത്രേ. വിനു പറഞ്ഞു എങ്കിൽ നാളെ അങ്ങോട്ടു പോയേക്കാം .അപ്പോൾ ടിനുവും പറഞ്ഞു ശരിയാ കാലിന്റെ കാര്യമാ വച്ചോണ്ടിരിക്കണ്ട. നാളെ തന്നെ പോകണം. അങ്ങനെ പിറ്റേന്ന് രാവിലെ അമ്മാവനും ടിനുവും വിനുവും ആശുപത്രിയിലേക്ക് പോയി. വിനു ചോദിച്ചു. സിസ്റ്ററേ ഗോപി ഡോക്ടറെ കാണണം. സിസ്റ്റർ മറുപടി പറഞ്ഞു അയ്യോ അദ്ദേഹം തീയറ്ററിലാണല്ലോ. അപ്പോഴേക്കും ടിനു മനസ്സിൽ വിചാരിച്ചു ഇന്ന് റിലിസ് ചെയ്ത സിനിമ കാണാനായിരിക്കും. അപ്പോൾ അമ്മാവൻ പറഞ്ഞു എങ്കിൽ ഞങ്ങൾ നാളെ വരാം. പിറ്റേന്ന് അവർ ആശുപത്രിയിലേക്ക് യാത്രയായി സിസ്റ്ററേ ഗോപി ഡോക്ടർ ഉണ്ടോ? സിസ്റ്റർ പറഞ്ഞു സാറിപ്പോഴേക്കും തിയേറ്ററിലെക്ക്

പോയതെയുള്ളു. ടിനു രഹസ്യമായി അമ്മാവനോടും വിനുവിനോടും പറഞ്ഞു ഇങ്ങേർക്ക് എപ്പോഴും സിനിമാ കണ്ടാൽ മതി. ഇങ്ങനൊരു സിനിമാ പ്രാന്തനെ ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. അപ്പോൾ വിനു പറഞ്ഞു സിനിമഭ്രാന്തില്ലാത്ത എതെങ്കിലും ഒരു ഡോക്ടറെ കണ്ടാൽ മതി. അമ്മാവൻ പറഞ്ഞു, അതുശരിയാവില്ല അദ്ദേഹത്തിനെ തന്നെ കണ്ടാൽ മതി. വിനു പറഞ്ഞു ശരി എങ്കിൽ നാളെ വരാം. ടിനു പറഞ്ഞു ശരിയാ അല്ലങ്കിൽ അയാളെ തീയേറ്ററിൽ നിന്ന് തപ്പണം. അടുത്ത ദിവസം അവർ ആശുപത്രിയിലെത്തി. സിസ്റ്ററിനോട് ഗോപി ഡോക്ടർ ഉണ്ടോ എന്ന് ചോദിച്ചു. ഡോക്ടർ തിയേറ്ററിലാ രണ്ടു മണിക്കുറ് കഴിഞ്ഞേ വരു. എന്ന് സിസ്റ്റർ പറഞ്ഞു. വിനു പറഞ്ഞു ഇങ്ങേനെയോരു സിനിമാ പ്രാന്തനാണോ ഏത് നേരവും തീയേറ്ററിൽ പോയി അടയിരിക്കാൻ. എവിടന്ന് കിട്ടി ഇങ്ങനെയൊരു സിനിമ പ്രാന്തനെ. സിസ്റ്റർ പറഞ്ഞു നിങ്ങൾ എന്താ പറയുന്നത് സിനിമ പ്രാന്തനോ വിനു പറഞ്ഞു പിന്നെ എന്ത് വിളിക്കണം ഏതു നേരവും തിയേറ്ററിൽ പോയി സിനിമാ കാണുന്നവനെ പിന്നെ അല്ല. ടിനുവും വിട്ടുകൊടുത്തില്ല. ശരിയാ അയാൾക്ക് ടിവി വാങ്ങിക്കൊടുക്ക് ഇവിടിരുന്ന് സിനിമ കാണട്ടെ. സിസ്റ്റർക്ക് ദേഷ്യം വന്നു. തിയേറ്റർ എന്ന് വെച്ചാൽ സിനിമ തിയേറ്ററല്ല. പിന്നെ? ഓപ്പറേഷൻ തിയേറ്ററാ. ഇവിടുത്തെ മിടുക്കനായ ഒരു സർജനാ ഡോക്ടർ. മനസ്സിലായോടാ മണ്ടന്മാരെ. രാവിലെ വരും മനുഷ്യനെ ബുദ്ധിമുട്ടിക്കാൻ. ഇത് കേട്ടപ്പോൾ ടിനുവും വിനും അമ്മാവനും സ്ഥലം വിട്ടു.

ധന്യ 9

# നെൽവയൽ

ഇളംകാറ്റിലെ കൈകളാൽ നൃത്തമാടി
കുളിരണിഞ്ഞു നിൽക്കുന്ന നെൽക്കതിർ
ആടിക്കുഴഞ്ഞു ഇളംകാറ്റിൽ
മാനത്തെ പറവകൾ
തൻ ചിറകുകൾ ഇളക്കി ചിരിച്ചു
നെൽക്കതിരുകൾ അന്നമായി തീർക്കാൻ
ആഹ്ലാദമായി പറക്കുന്ന പറവകൾ
സന്തോഷം വാരിവിതറിയ നെൽപ്പാടങ്ങൾ
എന്നാൽ ഇപ്പോഴോ?......
ഭംഗി ഏറുന്ന ഒരു നെൽവയൽ കാണാൻ
നാളെത്രയായി കൊതിക്കുന്നത് എന്നോ?....
ഓർമ്മയിലെന്നും ബാക്കിയായ
എന്നുടെ നെൽവയൽ പാടങ്ങൾ അങ്ങുമിങ്ങും.
പച്ച വിരിച്ചൊരു നെൽവയൽ കണ്ടിട്ട്
ഓർമ്മകൾ എത്രയായി.....
മാസവും വർഷവും കടന്നുപോയി
മഴയും വെയിലും കടന്നുപോയി
ഇപ്പോഴിതാ വന്നു കുറ്റൻ കെട്ടിടങ്ങൾ .

സ്നേഹ ശ്രീ മോഹൻ

# ഇത്തിരി മുല്ല

ഇത്തിരി മുല്ല പൂ വിരിഞ്ഞു
കുടമുല്ല ക്കും ചിരി വന്നു
കുളിരും മഞ്ഞും കൂടൊരുക്കി
കുയിലോ പുല്ലാം കുഴലൂതി

പാടാത്ത പാട്ടുകൾ പോലെ
ചൂടാത്ത പൂവുകൾ പോലെ
പൂക്കാത്ത ചെടികൾ പോലെ
കൊതിക്കുന്ന പേനകൾ പോലെ
ഒഴുകുന്ന പുഴകൾ പോലെ
വീശുന്ന കാറ്റുകൾ പോലെ
കൊതിക്കുന്ന ജീവിതം പോലെ
മംഗളം നേരുന്ന ആശംസകൾ പോലെ
കുളിരും മഞ്ഞും കൂടൊരുക്കി
കുയിലോ പുല്ലാം കുഴലൂതി

അനുജ .എസ്

# എന്റെ അമ്മ

ജീവന്റെ അംശമായി കാത്തു സൂക്ഷിപ്പൂ.....
രത്നമായി മുത്തായി പവിഴം ആയി
എൻ മുഖത്തെ കാണുവാൻ
നാളുകളായി ശ്രമിക്കുകയായി
മനസ്സിൽ എൻ രൂപത്തെ

സ്വന്തമായി സൃഷ്ടിച്ചു.......
നാളുകൾ മാസങ്ങൾ പോയതറിയാതെ
വരവേൽക്കാനായി മതിമറന്ന് നിൽക്കുകയായി
ഒരുനാൾ ഭൂമിയിലേക്ക് എന്നെ ആനയിച്ചു
എൻ ജീവിതത്തിൽ സൗഖ്യം വിതച്ചിരുന്നു
ജീവിതമെന്ന കടങ്കഥയിൽ ഉത്തരത്തിനായി സഹായിച്ചു.....
ജീവിതത്തിലെ ഓരോ നിമിഷവും
സന്തോഷം കണ്ടെത്താൻ പഠിപ്പിച്ചു
ഓർമ്മയിൽ തെളിയുന്ന വെളിച്ചമായി
ജീവിതത്തിൽ ഇരുളുകൾ നീക്കി......
ഓർക്കുമ്പോൾ തെളിയുന്ന നന്മയായി
ജീവിക്കുന്നു എന്റെ പ്രിയങ്കരിയായി

എൻറെ സ്വന്തം അമ്മ...................

അതുല്യ . എസ്

# അദ്ധ്യാപകൻ

അദ്ധ്യാപകൻ...
വിദ്യാർത്ഥി തൻ
ജീവിതത്തിലെ വഴിവിളക്ക്...
അധ്യാപകൻ..
പൈതങ്ങൾ തൻ മനസ്സിൽ
നന്മയാം വെളിച്ചം പകരുന്നു
വിദ്യയാം കുസുമം സമ്മാനിച്ച
അധ്യാപകരെ വന്ദനം
എളിയ ശിഷ്യ തൻ വിനയമാം
പൂക്കൾ ഗുരു പാദത്തിൽ അർപ്പിക്കുന്നു

ഹാർദ്ദ എം.എൽ
9C

# BHAGAT SINGH

## The legend man

**AKSHAYA.M.S**





# BHAGAT SINGH

# THE LEGEND

The great revolutionary and freedom fighter “shaheed bhagat singh” was born in a sikh family of punjab’s bangla village.his father is kishan chand and mother was vidyawati.in 1925,bhagat singh establish the youth organisation that was called naujawan bharat sabha.after someyear ,he immensely disturbed when the jallian wala bagh massacre occurred in 1919 in this case many innocent people were killed by a british genaral at jallianwala bagh. next day ,he visited the place and take some soil from it and kept as a remembarance he decided to take the revenge to british

government. He gave a slogan also ‘inquilab zindabad’ and it made a great impact on the youth of India during the freedom movement.the truly and young hero of india “bhagat singh ’’was handed along with two other freedom strugglers sukhdev and rajguru a day before he appointed day on march 23rd,1931.the great Bhagat singh was just of 23 yrs at that time . he was right fully been given the title of shaheed-e-azam,king of martyrs. His death proved to be an inspiration for several Indians to join the struggle for freedom and his ideologies. so I think he is the MEMORABLE MAN.

‘JAI HIND’


# എഡിറ്റോറിയൽ ബോർഡ്

*ചീഫ് എഡിറ്റർ* : സ്നേഹ ശ്രീ മോഹൻ

*സബ് എഡിറ്റർ* : നന്ദന ആർ

*അംഗങ്ങൾ* : സോനാ ദാസ് ,അജിൻസ, അക്ഷയ്

*കവർ ഡിസൈൻ* : ആരൺ സാക് സൈമൺ


Dhanya.L
IX.A